LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 മെയ് വാല്യം 10 ലക്കം 4



**ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. (മലാഖി 4:1)**

**രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും (മത്താ.24:14)**

**ഈ കാലഘട്ടത്തിന്റെ പ്രവാചകശബ്ദത്തിനായി കാതോർക്കുക...**

എഡിറ്റോറിയൽ

# വിശ്വാസ വചനാധിഷ്ഠിത പ്രവചനം

Apostle: Devasia Mullakkara

ജനകോടികൾ പള്ളിപ്പൗരോഹിത്യം വിട്ടിറങ്ങിക്കഴിഞ്ഞു. അതിന്റെ കാരണം രണ്ടാണ്.

1. യേശുക്രിസ്തുവല്ലാതെ മറ്റൊരു പുരോഹിതനെ ദൈവപിതാവ് "അപ്പോയിന്റ്" ചെയ്തിട്ടില്ല. ഗോൽഗോഥായിലെ കർത്താന്റെ ബലിയല്ലാതെ മറ്റൊരു ബലിയർപ്പണം അവിടുത്തേയ്ക്കാവശ്യവും ഇല്ല.
2. ത്രിയേകദൈവത്തിനൊഴികെ മറ്റാർക്കെങ്കിലും മഹത്വവും സ്തുതിയും വണക്കവും കൊടുക്കുന്ന രീതികളും ദൈവം അംഗീകരിക്കുന്നില്ല. ഇവയാണ് കാരണങ്ങൾ.

കോടാനുകോടികൾ പള്ളി വിട്ടിറങ്ങാത്തതിന്റെ കാരണം ഈ ആത്മീയതത്വങ്ങൾ അവർക്ക് വെളിപ്പെട്ട് കിട്ടാത്തതാണ്. ദൈവത്തിന് ആത്മാവിലും സത്യത്തിലുമുള്ള ആരാധന മാത്രമെ വേണ്ടൂ (യോഹ.4:24). യഹോവയിൽ (യഹോവയിൽ പുത്രനായ ക്രിസ്തുവും പരിശുദ്ധാത്മാവും ലയിച്ചും, മറഞ്ഞും ഇരിക്കുന്നു, യേശുവിൽ പിതാവും പരിശുദ്ധാത്മാവും ലയിച്ചും മറഞ്ഞും ഇരിക്കുന്നു, പരിശുദ്ധാത്മാവിൽ യേശുവും പിതാവും ലയിച്ചും, മറഞ്ഞും ഇരിക്കുന്നു. ദൈവം ഏകദൈവമല്ല, ത്രീയേകദൈവമത്രെ) അബ്രഹാം വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു എന്നതാണ് ഉല്പ.15:6. എബ്രായർ 11:1-ലോ 'പ്രത്യാശയുടെ ആധാരവും ഇതിനുമുമ്പ് ഒരിക്കലും കാണപ്പെടാത്തവയുടെ, സംയുക്തക തെളിവുമാണ് വിശ്വാസമെന്നും' ആണ്.

അബ്രഹാമിന് കൃപയാൽ കിട്ടിയ വിശ്വാസത്തോടുകൂടി അവൻ ദൈവത്തെ ആരാധിച്ചു ജീവിച്ചു. അവന് വാർദ്ധക്യത്തിൽ കുഞ്ഞിനെയും ദൈവജനമാകുന്ന കുഞ്ഞുങ്ങളെയും ലഭിച്ചു. ദൈവവചനവ്യവസ്ഥയനുസരിച്ച് "വിശ്വാസ"ത്തിന്റെ ആന്തരികവും ബാഹ്യവുമായ "റിസൾട്ടാ"യിരുന്നു അബ്രഹാമും ദൈവവും തമ്മിലുള്ള ബന്ധവും ആയിരക്കണക്കിനനുഗ്രഹങ്ങളും. ബൈബിൾ ഇപ്രകാരം പറയുന്നു 2 ദിനവൃത്താന്തം 20:20-ൽ "നിങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ ഉറച്ചു നില്ക്കും; അവന്റെ പ്രവാചകന്മാരെയും വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ കൃതാർത്ഥരാകും".

ദൈവത്തിൽ മാത്രം നാം വിശ്വസിക്കുക; ദൈവം വിളിച്ച് വേർതിരിച്ച് തന്റെ വിശുദ്ധവചനം നാവിൽ വെച്ചുകൊടുത്ത് ദൈവനാമ മഹത്വത്തിനായി വചനത്തെ പ്രവചനമാക്കുമെന്ന് ജീവിതം കൊണ്ട് തെളിയിക്കുന്ന പ്രവാചകന്മനാരെയും വിശ്വസിക്കുക.

വ്യക്തിപരമായി ദൈവജനം പ്രവചനവചനങ്ങൾ ഹൃദയത്തിലേക്ക് സ്വീകരിക്കുമ്പോൾ തങ്ങൾക്ക് മാത്രമല്ല കുടുംബത്തിനും പ്രാദേശികസഭക്കും അന്തർദ്ദേശീയസഭക്കും അത് അഭിവൃദ്ധിക്ക് കാരണമാകും. പക്ഷെ പ്രവചനങ്ങൾ വചനസത്യങ്ങളെ എതിർക്കുന്ന വയോ ക്രിസ്തുവഴിയുള്ള രക്ഷയുടെ മൗലിക സ്വഭാവത്തെ കവരുന്നതോ ആകാതെ ക്രിസ്തുവിനും അവന്റെ സ്നേഹത്തിനും വഴങ്ങിക്കൊടുക്കുന്നവയായിരിക്കണം. ഏറ്റവും വലിയ പ്രവചനം അഥവാ ദൂത് വചനസത്യങ്ങൾ വ്യാഖ്യാനിച്ച് ദൈവജനത്തിന് തേനിലും മധുരമായി നൽകുക എന്നതു തന്നെയാണ്. അത് പാപബോധവും പശ്ചാത്താപവും മാനസാന്തരവും അഭിഷേകവും പ്രാപിക്കുവാൻ സഹായിക്കുന്ന ദർശനങ്ങളുടെ അകമ്പടിയോട് കൂടിയതാകാം. ദൈവവചനത്തിലുള്ള വളർച്ചയേയും സ്നേഹത്തിലും വിശുദ്ധിയിലുമുള്ള വളർച്ചയേയും അവയിലൂടെ വിശ്വാസത്തിലുള്ള ഉയർച്ചയേയും മോഷ്ടിക്കുവാൻ വരുന്ന "ശത്രു"വായ പിശാചിന് വളമിടുന്ന തെറ്റായ പ്രവചനങ്ങൾ നൽകുന്നവർ ധാരാളമാണ്.

യഥാർത്ഥ പ്രവചനങ്ങളെ വെളിപ്പാടുകൾ എന്ന് വിളിക്കുന്നു. വചനമർമ്മങ്ങൾ വെളിപ്പെടുത്തിയും പ്രത്യേക നിയോഗങ്ങൾ അറിയിച്ചും ആയിരിക്കണം വെളിപ്പാടുകൾ നൽകുക. യഥാർത്ഥ വിശ്വാസികളും ചിലപ്പോൾ അന്ധ വിശ്വാസത്തിലേയ്ക്ക് പോകാം എന്നതുകൊണ്ട് ബാക്കിയും എഴുതട്ടെ. ജ്യോതിഷം സാത്താന്റെ തന്ത്രവും ജ്യോതിഷിയുടെ നിഗമനങ്ങൾ പൈശാചിക വെളിപ്പെടുത്തലുകളുമാണ്. ഗ്രഹങ്ങളുടെ സാങ്കൽപ്പിക സഞ്ചാരപഥത്തെ 12 രാശികളായി (സമഭാഗം) ഓരോ ഗ്രഹങ്ങൾക്കും ചില ദേവതകളോട് ബന്ധമുണ്ടെന്ന് പറഞ്ഞ് പരത്തി മനുഷ്യനെ ഭയപ്പെടുത്തി ആ ദേവതകളെ ആരാധിച്ചില്ലെങ്കിൽ പലതര ദോഷങ്ങൾ (ചൊവ്വാദോഷം.........) ഉണ്ടെന്ന് പറയുന്ന കള്ള പ്രവചനമാണ് ജ്യോതിഷം. ജ്യോതിഷം ഒരിയ്ക്കലും ശാസ്ത്രമല്ല. ജ്യോതിശാസ്ത്രവും (Astronomy) ജ്യോതിഷവും (Astrology) രണ്ടാണ്.

ജനനസമയത്തെ ഗ്രഹസ്ഥിതിയെ ആശ്രയിച്ച് എഴുതുന്ന ജീവിതഫലമാണ് ജാതകം (Horoscope). വൈവാഹികപ്പൊരുത്ത പരിശോധനയും ജാതകത്തിന്റെ സന്താനമാണ്. അവയൊക്കെ സമൂഹത്തിൽ ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാക്കുക. ഗ്രഹനില നോക്കി രാശിപ്പൊരുത്തം, രാശ്യാധിപപ്പൊരുത്തം, വശ്യപ്പൊരുത്തം, മാഹേന്ദ്രപ്പൊരുത്തം, ഗണപ്പൊരുത്തം, യോനിപ്പൊരുത്തം, ദിനപ്പൊരുത്തം, സ്ത്രീദീർഘപ്പൊരുത്തം എന്നിങ്ങനെയുള്ള പൊരുത്തങ്ങൾക്കനുസരിച്ച്, അനുരൂപരായ യുവതീയുവാക്കൾ എങ്കിലും അവർ അന്ധവിശ്വാസങ്ങളുടെയും, കള്ളപ്രവചനങ്ങളുടെയും മുമ്പിൽ വീർപ്പുമുട്ടി വിവാഹാലോചനയുടെ ആരംഭത്തിൽ തന്നെ അവ വേണ്ടെന്ന് വെയ്ക്കുകയോ ജീവിതം മുഴുവൻ ടെൻഷനിലാവുകയോ ചെയ്യുന്നു.

പിറന്നാൾ ആചാരങ്ങളും നിമിത്തലക്ഷണങ്ങളും, കണി, ശകുനങ്ങൾ, മുഹൂർത്തം നോട്ടം, രാഹുകാലനോട്ടം, പാലുകാച്ചൽ, വാസ്തു ശാസ്ത്രം മുതലായവയൊക്കെ ഭാരതസംസ്ക്കാരത്തിലെ ആരാധനകളോടും ആചാരങ്ങളോടും ബന്ധപ്പെട്ട കുറെ സംഭവങ്ങളാണ്.

ഏത് നാട്ടിലുമുണ്ട് കള്ളപ്രവാചകന്മാരും കള്ള സിദ്ധാന്തങ്ങളും. ദൈവജനമാകട്ടെ ക്രിസ്തുവിലും ബൈബിൾ സത്യങ്ങളിലും വിശ്വസിക്കുക മാത്രം ചെയ്യുക. ഒരിക്കൽ അപ്പൊസ്തലനായ പൗലോസ് ഇങ്ങനെ ചോദിച്ചു. "ഹാ! ബുദ്ധിയില്ലാത്ത ഗലാത്യരെ ! യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിന് മുമ്പിൽ വരച്ചു കിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയത് ആര്" ? (ഗലാ.3:1).

# പരിശുദ്ധാത്മാവിൽ നിറയുക; ക്രിസ്തുവിന്റെ സാക്ഷികൾ ആവുക

(Be filled with Holy Spirit, Be Witness for Christ)

Apostle: Devasia Mullakkara



കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിലുള്ള 'ദർശന' ധ്യാനമന്ദിരത്തിൽവെച്ച് ഒരു രോഗിക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചപ്പോൾ (1990-ൽ) അദ്ദേഹത്തിന്റെ കാലിലെ ഒരു വലിയ മുറിവ് തത്ക്ഷണം കരിഞ്ഞു. വിശ്വാസത്തോടുകൂടിയ, വചനാധിഷ്ഠിതമായ ഒരു പ്രാർത്ഥനയായിരുന്നു അത്. പിതാവിന്റെ ആളത്വവും പുത്രന്റെ ആളത്വവും പരിശുദ്ധാത്മാവിന്റെ ആളത്വവും ചേർന്ന ത്രീയേക ദൈവം പ്രാർത്ഥന കേൾക്കുന്നവനാണെന്ന് അന്ന് എനിക്ക് വ്യക്തമായി. കോട്ടയം ജില്ലയിലെ മുട്ടുചിറയിലും മധുരവേലിയുൾപ്പെടെ അനേകം കത്തോലിക്കാപള്ളികളിലും പോയി, മാതാവെന്ന മറിയത്തിന്റെയും, മറ്റ് പല പുണ്യവാളന്മാരുടേയും മദ്ധ്യസ്ഥതയിൽ പല വർഷങ്ങളായി പ്രാർത്ഥിച്ചു വന്നിരുന്ന എനിക്ക് പ്രാർത്ഥനയിൽ യാതൊന്നും കിട്ടാതെയായപ്പോൾ ദൈവത്തിന് കണ്ണിച്ചോരയില്ലെന്ന് മാത്രമെ തോന്നിയിരുന്നുള്ളു. ശ്ലീവാപ്പാതയും ചൊല്ലി മലകയറ്റങ്ങളും നടത്തി പള്ളിയാചാര്യന്മാരും അമ്മയപ്പന്മാരും കൽപ്പിക്കുന്നത്ര നിഷ്ഠയോടെ ജീവിച്ചിരുന്ന എന്റെ, ആന്തരികനേത്രങ്ങൾ അടഞ്ഞായിരുന്നു ഇരുന്നിരുന്നത്. അന്നൊക്കെ ചൊല്ലിയിരുന്ന ജപമാലകൾക്ക് കയ്യും കണക്കുമില്ലായിരുന്നു. മുടങ്ങാതെയുള്ള അനുദിനകുർബ്ബാനകൾകൊണ്ടും സന്ധ്യാകൊന്തകൾകൊണ്ടും ആഴ്ചതോറുമുള്ള കുമ്പസാരങ്ങൾകൊണ്ടും നിറഞ്ഞിരുന്നു എന്റെ ബാല്യ - കൗമാര - യൗവ്വനകാലങ്ങൾ.

എന്നാൽ തളിപ്പറമ്പിൽവെച്ച് തിരുവെഴുത്തുകൾകേട്ട് മാനസാന്തരപ്പെട്ട്, വീണ്ടുംജനനാനുഭവം പ്രാപിച്ചു കഴിഞ്ഞപ്പോൾ, കേട്ട തിരുവെഴുത്തുകളിൽ പലതും ഹൃദയത്തിൽ തങ്ങിനിൽക്കാനും അവ ഉപയോഗിച്ചുകൊണ്ട് വിശ്വാസത്തോടെ പ്രാർത്ഥിക്കാനും തുടങ്ങിയപ്പോൾ ജീവിതം ദൈവകൃപകൊണ്ട് നിറഞ്ഞു. പാപത്തെയും പിശാചിനെയും ലോകമോഹങ്ങളെയും ജഡചിന്തകളെയും ഒക്കെ തകർത്തുവാരുന്ന, പരിശുദ്ധത്മാവിന്റെ ആലയമായി ഞാൻ മാറിയെന്ന കാര്യം എനിക്ക് ക്രമത്തിൽ മനസ്സിലായി. ഒരു ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ഞാൻ, എന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ മാരകമായ ഹൃദ്രോഗം മാറ്റുവാൻ, ത്രീയേക ദൈവത്തോട് അപേക്ഷിച്ചുകൊണ്ട് ഒരു കൺവെൻഷൻ മൈതാനിയിൽ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ധ്യാനിപ്പിച്ചുകൊണ്ടിരുന്നയാൾ ഞാനിരുന്നിരുന്ന പത്രത്തിന്റെ പേരും, പ്രാർത്ഥനാവിഷയവും ദർശനപ്രവചനവരങ്ങൾ ഉപയോ

എഡിറ്റോറിയൽ ബോർഡ്
editorial board

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: രഞ്ചിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ : ജീമോൻ

When I prayed for a sick person in a meditation centre called 'Darshana' in Thaliparampu , Cananoor distrct (In 1990), a huge wound on his leg healed immediately. It was a prayer based on faith and verses. That day I realized the father, the son and the Holy Spirit is a Trinity God who answers our prayer. In the district of Kottayam in places like Maduraveli, Muttuchiray in many a catholic churches, when I prayed intercessory prayers through Mother Mary and the Holy saints for years together, and when those prayers were not answered the I only thought that God is cruel. Climbing the mountains reciting ritual prayers and living according to the commandments of the church heads, and mother and father was my life, due to which my inner eyes were blinded. There is no limit to the bead prayers I did then. Everyday communion, night bead prayers, weekly once confessions – these are the things which filled up my childhood, teenage and youth.

But after listening to the gospel in Thaliparampil, I repented and reconciled with God, and after being born again, many things from the gospel stayed in the heart and using those with faith and prayer when I started living God filled my life with God's grace. I slowly understood that I had become an abode of Holy Spirit who defeated and destroyed sins, Satan, worldly desires, and worldly thoughts. Me, a High School teacher was requesting to God for one of the students very critical heart ailment during a convention in a ground, where I was listening to the




ഗിച്ച് വിളിച്ചുപറഞ്ഞപ്പോൾ അത് “സത്യാത്മാവി”ന്റെ പ്രവർത്തനമാണെന്ന് എനിക്കു മനസ്സിലായി. മാത്രമല്ല അത്തരം കൃപാവരങ്ങൾ സത്യദൈവം എന്നിലേക്കും കൃപയാല യയ്ക്കുകയാണെന്നും മനസ്സിലായി. വിശുദ്ധ വേദപുസ്തകത്തിലെ തിരുവെഴുത്തുകളുടെ വമ്പിച്ച വിലയെ മനസ്സിലാക്കുന്നതു തന്നെയാണ് മാനസാന്തരം എന്നും ആ തിരുവെഴുത്തുകളെ വിശ്വാസത്തോടെ ഉപയോഗിക്കുക എന്നതുതന്നെയാണ് വീണ്ടും ജനനാനുഭവം എന്നും ഞാൻ മനസ്സിലാക്കി. തിരുവെഴുത്തുകൾ കൂടുതൽ അറിഞ്ഞറിഞ്ഞ് വന്നപ്പോഴാണ് മരണാനന്തരകർമ്മങ്ങൾ, കൂദാശകൾ, പുണ്യാളഭക്തി എന്നു തുടങ്ങി ജപമാല നൊവേനകൾ, പൗരോഹിത്യഭയം മുതലായവയെല്ലാം വെറും ഉമ്മാക്കികളാണെന്ന് മനസ്സിലായത്. പഴയനിയമത്തിലെ മോശ, ഏലിയാവ് തുടങ്ങിയ ആത്മീയനേതാക്കന്മാരും പുതിയ നിയമത്തിലെ പത്രോസ്-പൗലോസ് തുടങ്ങിയ അപ്പൊസ്തലന്മാരും നേരത്തെ എഴുതിയതുപോലെയുള്ള പള്ളിക്കർമ്മങ്ങൾകൊണ്ടല്ല, തിരുവെഴുത്തുകളും തിരുവാത്മാവുംകൊണ്ടാണ് ദൈവിക ശുശ്രൂഷകൾ ചെയ്തിരുന്നതെന്ന് ക്രമേണ മനസ്സിലായി. അവരൊക്കെ വലിയ വിശ്വാസവീരന്മാർ തന്നെയായിരുന്നു. അവരാരും ദൈവത്തെയൊഴികെ പുണ്യവാളപുണ്യവതികളെയൊ വിശുദ്ധരെയോ ആരാധനയ്ക്കായി പരിഗണിച്ചതേയില്ല. പിതാവിന്റെ ആളത്വവും പുത്രന്റെ ആളത്വവും പരിശുദ്ധാത്മാവിന്റെ ആളത്വവും കൂടി സമഞ്ജസമായി സമ്മേളിച്ച ത്രീയേകദൈവത്തെയൊഴികെ മറ്റൊന്നിനെയും ആരാധിക്കുകയോ വണങ്ങുകയോ ചെയ്തിരുന്നില്ല. അവർക്കാർക്കും പൗരോഹിത്യസഭയും രാഷ്ട്രീയ-ഗുണ്ടായിസ സഭയും ഇല്ലായിരുന്നു.

ബൈബിൾ സാമാന്യമായി പോലും പഠിക്കാൻ സാധിക്കാത്ത നിർഭാഗ്യവാന്മാരും നിർഭാഗ്യവതികളും, ആയ പാവം വൈദികരും സിസ്റ്റേഴ്സും മെത്രാന്മാരും ഉൾപ്പെടെയുള്ള, വിദ്യാസമ്പന്നരും സാംസ്ക്കാരികസമ്പന്നരുമായ ജനകോടികൾക്ക്, ജീവിതത്തെ ഭക്തിനിർഭരവും മറ്റുള്ളവരുടെ ആദരവുകൾക്ക് സാദ്ധ്യതയുള്ളതുമാക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ദൈവാനുഭവം (പരിശുദ്ധാത്മസ്നാനവും അഭിഷേകവും) ലഭിക്കേണ്ടിടത്തോളം ലഭിക്കാതെ അവർ വിഷമിക്കുകയാണ്. ഇതിനൊരപവാദം യഥാർത്ഥ കരിസ്മാറ്റിക്കുകളാണ്, ഭാഗികമായി ദൈവാനുഭവം അവർക്കുണ്ട്.

യഥാർത്ഥ കരിസ്മാറ്റിക് ധ്യാനത്തിന്റെ ആരാധനാഗാനങ്ങളും സ്തുതിപ്പുകളും എത്ര മനോഹരമാണ്. വചനഘോഷണവും രോഗശാന്തിശുശ്രൂഷയും എത്രയെത്ര ഗംഭീരങ്ങളാണ്. വമ്പൻ മാനസാന്തരങ്ങളും അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ ആ ധ്യാനമന്ദിരങ്ങളിൽ നടക്കും. ഇങ്ങനെ ജനം തിരുവെഴുത്തുകളിലേക്ക് വളർന്ന് ആത്മാവിൽ നിറയണമെന്നതായിരുന്നു കരിസ്മാറ്റിക് നവീകരണത്തിലൂടെയുള്ള ത്രീയേകദൈവത്തിന്റെ ലക്ഷ്യം. പക്ഷെ മായാസഭകളും

verses, the one who was leading the meditation called out the news paper in which I was placed, the prayer request, visionary prophesies etc then I knew it is the work of true spirit and I understand not only that that kind of fruits of grace is been send to me by grace by the true God. I understood that repentance is nothing but understanding the value of the gospel in the Bible. And to use that gospel with faith is being born again. Its only when I knew more about the scripture that I knew all the prayers for after death rituals, worshipping the saints all novena the fear of priest all are nothing but frauds. I slowly under stood that Moses and Elijah the spiritual leaders of Old Testament, the apostles like Peter and Paul of the new testament as written earlier it is not the deeds of doing in the church that we were blessed but it was because of the gospel and the Holy spirit we were blessed. They were truly strong believers for sure. And what made them strong believers, holy people and miracle doers are the gospel, the Holy Spirit, and the Holy faith. None of them, considered any Holy Saints, or Holy mother or Saints for worshipping other than God. Except to God the Father, God the Son, and God the Holy Spirit in equal proportions joined together as trinity God they never bowed down or worshipped anything else. They did not have any priesthood church or political mafia church. Those un lucky people who could not read the Bible averagely, which includes priest and sisters, and Bishop and those including well educated, high cultured crores of people, could make their like




അവയുടെ നേതാക്കന്മാരും കൂടി കൂദാശകളുടേയും, മദ്ധ്യസ്ഥപ്രാർത്ഥനകളുടേയും വിഷവും മാലിന്യവും അതിൽ കുത്തിത്തിരുകിയപ്പോൾ പിശാചിന്റെ ലക്ഷ്യം വിജയിച്ചു. അതായത്, പള്ളിപ്പൗരോഹിത്യാചാരങ്ങൾ ഉണ്ടെങ്കിലേ ദൈവം നമ്മിലേയ്ക്ക് വരൂ എന്ന പൈശാചികലക്ഷ്യം.

ഒരു സംഭവം പറയാം. അക്കാലത്ത്, ഗുജറാത്തിലെ സബർമതിയിലെ ഒരു കത്തോലിക്കാപള്ളിയിൽ ഒരാഴ്ചത്തെ കരിസ്മാറ്റിക്ധ്യാനത്തിന് നേതൃത്വം കൊടുത്തപ്പോൾ, കാലിന്റെ പാദം നല്ലപോലെ വളഞ്ഞ മുടന്തിയായ ഇരിട്ടിക്കാരിയായ ഒരു ചേച്ചിക്ക് മാനസാന്തരാനുഭവം ഉണ്ടായെങ്കിലും രോഗസൗഖ്യാനുഭവം ലഭിച്ചിരുന്നില്ല. ചങ്ങനാശ്ശേരി SB കോളേജിലെ ഒരു പ്രഫസറുടെ പെങ്ങളായിരുന്നു ആ ചേച്ചി. എന്നാൽ ഞാനും കൂട്ടുകാരും കൺവെൻഷൻ കഴിഞ്ഞ് ട്രെയിനിൽ കേരളത്തിലേക്ക് വരുമ്പോൾ അവരും ഞങ്ങളുടെ കമ്പാർട്ട്മെന്റിലുണ്ടായിരുന്നു. ഞങ്ങൾ ഉച്ചഭക്ഷണം കഴിക്കുമ്പോൾ ചേച്ചിയും അവർ കൊണ്ടുവന്ന ചില ഭക്ഷണസാധനങ്ങൾ ഞങ്ങൾക്ക് വിളമ്പിത്തരുകയുണ്ടായി. ആ സമയത്ത് ഹൃദയംകൊണ്ട്, വിശ്വാസത്തോടെ, ആ ചേച്ചിക്ക് സൗഖ്യം കൊടുക്കണേ എന്ന് ലൂക്ക.4:17,18,19 (ഏശ.61:1,2,3) വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പ്രാർത്ഥന തുടങ്ങിയ സമയത്ത്തന്നെ കാൽപ്പാദം നിവർന്നത് ഞാൻ കണ്ടു. ആ സൗഖ്യം അനുഭവിച്ച ചേച്ചിയുടെ നിലവിളിച്ചുകൊണ്ടുള്ള നന്ദിപറച്ചിലും ആരാധനയും ഒന്നു കണേണ്ടതുതന്നെയായിരുന്നു. ട്രെയിനിൽ പള്ളിയും പള്ളിക്കർമ്മങ്ങളും പള്ളിപ്പുരോഹിതരും പള്ളിക്കൂദാശകളും ഒന്നും ഇല്ലല്ലോ എന്ന സത്യം എനിക്കും ആ കമ്പാർട്ട്മെന്റിലുണ്ടായിരുന്ന പലർക്കും കൂടുതൽ കൂടുതൽ മനസ്സിലായി.

ലൂക്ക.4:17,18 തിരുവചനഭാഗം എഴുതട്ടെ. “യെശയ്യാ പ്രവാചകന്റെ പുസ്തകം അവനു കൊടുത്തു. അവൻ പുസ്തകം നിവർത്തി: ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു”. യെശ.61:1,2,3 “എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു. ഹൃദയംതകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദു:ഖത്തിനുപകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനുപകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും

religious and being considered in high regards by others, even though this was possible for them, they are struggling to receive the real Godly experience (The baptism by the Holy Spirit, Anointment) in the needed measures. The exception to this is the charismatic movement as they have partial experience of God.

The real Charismatic meditation has beautiful worship songs and praises. The deliverance of sick and the preaching of words are exemplary. Great repentance, signs and wonders happen there in the meditation centre. In this way the people will grow in the gospel and be filled with the Spirit and this was the goal of the trinity God. But the leaders of the church with their intercessory prayers and all other kind of rituals filled the poison and the garbage, with that Satan’s Goal was achieved. Only with the priest hood rituals can we make God come to us was the goal of Satan.

2) During those days, in one of the charismatic meditation fellowship, which I was leading in Sabarmathi, Gujarat, a sister from Iritti with a limp due to twisted legs, did not get a healing even though she got repentance. That elder sister was the sister of a professor in SB College in Changanassery. But then, when I and my friends were returning back from this fellowship in a train to Kerala she too was present in the compartment in the train. When we were having our noon meals she too served us some portions from the food she brought. That time I prayed for her from my heart with full faith for her healing as per Luke 4:17-



എന്റെ പേര് ജോർജ്ജ്. ഞാൻ എറണാകുളം സ്വദേശിയും ചർച്ച് ഓഫ് ഇറ്റേണിറ്റി പാലാരിവട്ടം ചർച്ചിലെ അംഗവുമാണ്. എന്നെ എന്റെ ദൈവം വലിയ ഒരപകടത്തിൽനിന്നും രക്ഷിച്ച ആ വലിയ കാര്യത്തെക്കുറിച്ച് ഞാനിവിടെ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു കെട്ടിടം പണിയിലേർപ്പെട്ടിരിക്കുമ്പോൾ രണ്ടാംനിലയിൽനിന്ന് വീഴുവാൻ ഇടയായി. പെട്ടെന്നു തന്നെ പാലാരിവട്ടം Renai Medcity-യിൽ കൊണ്ടുപോകുകയും ഓപ്പറേഷൻ ചെയ്ത് കാലിന് കമ്പിയിടുകയും ചെയ്തു. ഏതാണ്ട് 15 ദിവസത്തോളം അവിടെ കിടന്നു. ഡോക്ടർ പറഞ്ഞതുപോലെ 3 മാസത്തെ റെസ്റ്റ് എടുത്തുവെങ്കിലും എനിക്ക് വാക്കറിന്റെ സഹായത്തോടെ മാത്രമെ നടക്കാൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ 2015 മാർച്ച് 1-ന് പാലാരിവട്ടത്തു വെച്ചു നടന്ന ദേവസ്യാസാറിന്റെ കൂട്ടായ്മയിൽ ഞാൻ പങ്കെടുക്കുകയും കർത്താവ് അത്ഭുതകരമായി എന്നെ സുഖപ്പെടുത്തുകയും ചെയ്തു. ഞാൻ പരസഹായമില്ലാതെ നടക്കുകയും എന്റെ കാലിന് നല്ല ബലം ലഭിക്കുകയും ചെയ്തു.

Ph:9895841048



# പരിശുദ്ധാത്മാവിൽ നിറയുക; ക്രിസ്തുവിന്റെ സാക്ഷികൾ ആവുക

(Be filled with Holy Spirit, Be Witness for Christ)

അവൻ എന്നെ അയച്ചിരിക്കുന്നു”.

നമ്മളാരും ചിന്തിച്ചിട്ടില്ലാത്ത കാര്യങ്ങൾക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാൻ അവകാശമുണ്ട്. ദൈവം നിങ്ങളുടെ മടിയിൽ കിടന്ന് വളർന്നവനല്ലെന്നും, അവൻ പരിശുദ്ധകുർബ്ബാനയിൽ സന്നിഹിതനാണെന്നും, ആ കൂദാശയെയും വൈദിക മേലദ്ധ്യക്ഷന്മാരെയും, അവർ നേതൃത്വം കൊടുക്കുന്ന സഭയെയുമാണ് കരുതേണ്ടതെന്നും, മാതാവായ മറിയാമിന്റെ മാദ്ധ്യസ്ഥ്യം നാം തേടുന്നില്ലെങ്കിൽ പ്രാർത്ഥനയും ആരാധനയുമൊക്കെ വെറും വൈകാരികതലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയേ ഉള്ളുവെന്നും കാലാകാലങ്ങളായി വൈദികരോ കരിസ്മാറ്റിക് ലീഡേഴ്സോ ഡോക്ടറേറ്റുള്ള പണ്ഡിതവരേണ്യരായവരോ സദാസമയവും എഴുതിയതും പറഞ്ഞതും എന്നെ പിന്തുടരുന്നതുകൊണ്ടും അവർ പറയുന്നതിൽ ഒതുങ്ങാത്തവരെ പുകച്ച് പുറത്ത് ചാടിക്കുന്നതും അവഹേളിക്കുന്നതും കണ്ടതുകൊണ്ടും “മൗനം വിദ്വാനുഭൂഷണം” എന്ന് കരുതി, ഞാനും 50 വയസ്സുവരെ (2000-മാണ്ട്) കണ്ണൂർ ജില്ലയിലെ ചെറുപുഴ - പുളിങ്ങോമിനടുത്ത് കമ്പല്ലൂരിൽ (കാസർഗോഡ്) കഴിഞ്ഞുകൂടി; ചില പള്ളികളിലൊക്കെ ധ്യാനിപ്പിച്ചുംകൊണ്ട്.

അക്കാലത്ത് ഡിവൈൻ ബൈബിൾ കോളേജിൽ (തൃശ്ശൂർ ജില്ലയിൽ-ചാലക്കുടിയിൽ) ബൈബിൾ പഠിച്ചപ്പോൾ ഡോ.മൈക്കിൾ കാരിമറ്റം, തൊണ്ടിപ്പറമ്പിലച്ചൻ മുതലായ ബൈബിൾ പണ്ഡിതന്മാരുടെ ക്ലാസ്സുക

19 (Isaiah 61:1-3) using those verses I prayed, that very instant when I was praying I saw her feet getting straightened. It was a sight to see when that sister shouted in happiness, praising worshipping and thanking the Lord after getting cured. That time we clearly understood the truth that in train there is no church, no church rituals and no church priests and those in the compartment too realized it.

Let me quote the scripture from Luke 4:17-18 “And the scroll of the prophet Isaiah was handed to him. Unrolling it, he found the place where it is written, ”The Spirit of the Lord is on me, because he has anointed me to proclaim good news to the poor. He has sent me to proclaim freedom for the prisoners and recovery of sight for the blind, to set the oppressed free” Isaiah 61:1-3 “The Spirit of the Sovereign Lord is on me, because the Lord has anointed me to proclaim good news to the poor. He has sent me to bind up the brokenhearted, to proclaim freedom for the captives and release from darkness for the prisoners, to proclaim the year of the Lord’s favor and the day of vengeance of our God, to comfort all who mourn, and provide for those who grieve in Zion to bestow on them a crown of beauty instead of ashes, the oil of joy instead of mourning, and a garment of praise instead of a spirit of




ളിലൂടെ തിരുവചനമർമ്മങ്ങൾ പരിശുദ്ധാത്മാവ് ഗ്രഹിപ്പിച്ചു തന്നു. യേശു യോർദ്ദാനിൽ സ്നാപകന്റെ (യോഹന്നാൻ) കൈക്കീഴിൽ (മത്താ.3:14–17) അറിവിന്റെ പ്രായത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനം സ്വീകരിച്ചതുപോലെ, ഞാനും വിശ്വാസസ്നാനം സ്വീകരിക്കേണ്ടതാണെന്നും ചെറുപ്പത്തിൽ ചെയ്ത മാമ്മോദീസ വ്യാജമാണെന്നും സ്വർഗ്ഗത്തിൽ അത് വിലമതിക്കപ്പെടുകയില്ലെന്നും മനസ്സിലായി.

തിരുവെഴുത്തുകളുടെ പരംപൊരുൾ ഗ്രഹിച്ച് യേശുക്രിസ്തുവിനെ ദൈവമായി ഏറ്റെടുത്ത് വിശ്വസിച്ച്, പരിശുദ്ധാത്മാവിൽ നിറഞ്ഞാണ് ജീവിക്കേണ്ടതെന്നും മനസ്സിലായപ്പോൾ, കരിസ്മാറ്റിക് ധ്യാനങ്ങൾ കൂടിയതിന്റെ മെച്ചവും, ബൈബിൾ കോളേജിൽ പോയി പഠിച്ചതിന്റെ പ്രയോജനവും ഒക്കെ ദൈവരാജ്യത്തെ ആവിഷ്ക്കരിക്കുവാൻ പ്രയോജനപ്പെടുത്തണമെന്ന ചിന്തയായി. പള്ളികളിലെ പ്രതിമാ വണക്കത്തിന്റെ നിരർത്ഥകത തിരുവെഴുത്തുകളിലൂടെ തന്നെ വെളിപ്പെട്ട് കിട്ടുവാൻ തുടങ്ങി.

**യാതൊരു വിഗ്രഹവും ഉണ്ടാക്കരുതെന്ന കല്പന പുറപ്പാട് 20:4–ലും ആവ.5:8–ലും ഉണ്ടെന്നത് തന്നെ ആധികാരിക വചനം.**

115–ാം സങ്കീർത്തനം 4 മുതൽ 8 വരെയുള്ള തിരുവെഴുത്തുകളിൽ പറഞ്ഞിരിക്കുന്നതോ ?

“അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയുമാകുന്നു. മനുഷ്യരുടെ കൈവേല തന്നെ. അവയ്ക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല. കണ്ണുണ്ടെങ്കിലും കാണുന്നില്ല.
അവയ്ക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല. മൂക്കുണ്ടെങ്കിലും മണക്കുന്നില്ല. അവയ്ക്കു കയ്യുണ്ടെങ്കിലും സ്പർശിക്കുന്നില്ല; കാലുണ്ടെങ്കിലും നടക്കുന്നില്ല. തൊണ്ടകൊണ്ട് സംസാരിക്കുന്നതുമില്ല. അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെയാകുന്നു. അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെ തന്നെ”.

യെശയ്യാവ്.42:8 – “ഞാൻ യഹോവ; അത് തന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല”. (യേശുവും യഹോവയും ഒന്നുതന്നെയാണ്. യോഹ.10:30– ഞാനും പിതാവും ഒന്നാകുന്നു).

അന്നൊരിക്കൽ, കർണ്ണാടകത്തിൽ ഖണ്ഡിവാഗിനടുത്ത് ഒരു സെന്റ് തോമസ് ചർച്ചിൽ ധ്യാനിപ്പിക്കുവാൻ പോയി. അവിടുത്ത ഇടവകകാർക്ക് സാമ്പത്തികമായി കാര്യമായ ഒരു നേട്ടം പ്രാർത്ഥനയാൽ ഉണ്ടാകണമെന്നതാണ് എന്നെ അങ്ങോട്ട് വിളിച്ചതിന്റെ ലക്ഷ്യമെന്ന് വികാരിയച്ചൻ പറഞ്ഞു. ഞാനും കൂട്ടായ്മയും മൂന്നുനാലു ദിവസം വിശ്വാസത്തോടെ രാപ്പകൽ പ്രാർത്ഥിക്കാൻ തുടങ്ങി.

ഒരുപുത്രനു വേണ്ടി അബ്രഹാം ദൈവത്തോട് യാചിച്ചിട്ടുണ്ടല്ലോ (ഉല്പ.15:2). മിര്യാമിന്റെ കുഷ്ഠരോഗം മാറുന്നതിനുവേണ്ടി മോശ ദൈവത്തോട് പ്രാർത്ഥിച്ചല്ലോ (സംഖ്യ.12:8). ദൈവം അതെല്ലാം കൃപയാൽ നൽകു

despair. They will be called oaks of righteousness, a planting of the LORD for the display of his splendor.”

We have a right to pray for those things which we never have thought of. God is not somebody who grew up in your lap; He is present in the Holy Communion, One is supposed to consider those rituals, clerical heads, and the church which they are leading, if we do not seek the intercessory through mother Mary, during our prayer then it is only contained in an emotional state, for years together what has been told by the priests, charismatic leaders, doctorate scholars, forever writing or preaching and those which followed me, and smoking out people who does not contain in them, and were scoffed at and watching all these and knowing that " silence is more wiser, I too till the age of 50 years (2000- year) managed to live in Cherupuzha near Pulingome in Kannur district, by attending some churches.

Those days when I studied Bible in Divine Bible College (Thrissur – Chalakudy) Reverends like Dr. Michael Karimattam, Rev Thondiparampil through all these scholars classes the Holy Spirit taught me the mysteries of gospel. I emerged in the right age of knowledge. As in Mathew 3:14-17 as how Jesus received took baptism under John the Baptist I too was supposed to take faith baptism and I understood that as taught earlier about the child baptism which is not valid accepted in heaven.

Understanding the substances of Gospel, accepted Jesus Christ as




കയും ചെയ്തല്ലോ.

മത്തായിയുടെ സുവിശേഷത്തിലെയും ലൂക്കോസിന്റെ സുവിശേഷത്തിലെയും ഇനിപ്പറയുന്ന തിരുവെഴുത്തുകളുടെ പരംപൊരുൾ ഗ്രഹിച്ചുകൊണ്ട് ആ ഇടവകകാർക്ക്, വല്ലതും ഒക്കെ കൊടുക്കണമേ എന്ന് ഞങ്ങളും പ്രാർത്ഥിച്ചു.

മത്താ.17:21– “നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്ന് പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്ക് ഒന്നും അസാധ്യമായിരിക്കുകയില്ല”.

മത്താ.21:21 “നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും. എന്നു മാത്രമല്ല, ഈ മലയോട് നീങ്ങി കടലിലേയ്ക്ക് ചാടിപ്പോക എന്ന് പറഞ്ഞാൽ അതും സംഭവിക്കും എന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും എന്ന് ഉത്തരം പറഞ്ഞു”.

ലൂക്കോസ്.17:6–“നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ, ഈ കാട്ടത്തിയോട് വേരോടെ പറിഞ്ഞ് കടലിൽ നട്ടുപോക എന്ന് പറഞ്ഞാൽ അത് നിങ്ങളെ അനുസരിക്കും”.

ഈ തിരുവെഴുത്തുകളുടെ ആന്തരികാർത്ഥം ഗ്രഹിച്ചുകൊണ്ട് ദൈവം നൽകിയ കൃപക്കനുസരിച്ച് ഞങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അകൃത്രിമമായ ഒരു പ്രാർത്ഥനയായിരുന്നു അത്. ദൈവം നൽകിയ കൃപയുടെ തോതനുസരിച്ച്, ദൈവം നൽകിയ വചനത്തിന്റെ വ്യവസ്ഥ അനുസരിച്ചുള്ള, പ്രാർത്ഥനയായിരുന്നു അത്. ദൈവത്തെ മാത്രം മഹത്വപ്പെടുത്തിയുള്ള പ്രാർത്ഥനയായിരുന്നു. എല്ലാ നാമത്തിലും മേലായ നാമമായ സാക്ഷാൽ യേശുക്രിസ്തുവിനെ ഉയർത്തിക്കൊണ്ടുള്ള (ഫിലി.2:9,10) പ്രാർത്ഥനയായിരുന്നു.

പ്രാർത്ഥനാസമയത്ത് ദർശനങ്ങൾ ഉണ്ടായി. 30 ദിവസം നല്ല പ്രാർത്ഥനയോടെ ആ ഇടവകജനം ആയിരിക്കണമെന്നും അതിനുശേഷം സ്വന്തം പറമ്പിൽ 3 തൂമ്പാപ്പാട് താഴ്ത്തി കിളക്കണമെന്നും വിലപിടിപ്പുള്ള കൗതുകകല്ലുകൾ (stones) മണ്ണിൽ നിന്നും ക്വിന്റൽ കണക്കിന് ലഭിക്കുമെന്നും ആയിരുന്നു ദർശനം ഉണ്ടായതും പ്രവചനം പറഞ്ഞതും. അത് പോലെ തന്നെ സംഭവിച്ചു. 30 ദിവസങ്ങൾക്കുശേഷം ഇടവകക്കാർ കിളച്ചപ്പോൾ ലഭിച്ച കല്ലുകൾ വിറ്റ് ആ ഇടവകക്കാരൊക്കെയും സാമ്പത്തികമായി വളരെ മെച്ചപ്പെടുകയും അവർ വചനപ്രകാരം ദൈവമായ കർത്താവിലേക്ക് ഒത്തിരി വളരുകയും ചെയ്തു. ഇത്തരത്തിൽ, സമ്പന്നനായ ഒരാൾ, ഇന്ത്യയിൽ നിന്നും കുവൈറ്റിലെത്തി നേരത്തെ അങ്ങോട്ട് പോയ കുടുംബാംഗങ്ങളുമായി എന്റെ ഒരു കുവൈറ്റ് കൺവെൻഷനിൽ പങ്കെടുക്കുകയുണ്ടായി. അന്ന് ഈ സാക്ഷ്യം ഞാൻ പറഞ്ഞപ്പോൾ അനേകർ അത് വിശ്വിക്കാൻ പ്രയാസപ്പെട്ടപ്പോൾ അദ്ദേഹം പണ്ട് ലഭിച്ച കല്ലിൽ ചിലത് സ്വന്തം കയ്യിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തിയ സംഭവവും

God and believing it, and when I understood that life is supposed to be lived filled with Holy Spirit, then my thoughts to make use of my knowledge in studying in the Bible College and attending the charismatic fellowships to attain the kingdom of God. The bowing down in front of the statues restriction started to reveal through gospel itself.

You should not have any form of Idol this commandment is there in Exodus 20:4 and Deuteronomy 5:8 and these are the authority verses.

In Psalms 115 from verses 4-8 what has been told in these? But their idols are silver and gold, made by human hands. They have mouths, but cannot speak, eyes, but cannot see.

3) They have ears, but cannot hear, noses, but cannot smell. They have hands, but cannot feel, feet, but cannot walk, nor can they utter a sound with their throats. Those who make them will be like them and so will all who trust in them.

In Isaiah 42:8 - I am the Lord; that is my name! I will not yield my glory to another or my praise to idols. ( Jesus and Jehovah are the same. In John: 10:30 it is written I and the father are one.)

During one of those days, we went to a St Thomas Church near Gandiwag in Karnataka for a convention. The clergy man of that church informed us that we were called so as to pray for the congregation’s financial breakthrough. Me and the congregation started praying together in faith for three four days.

Has not Abraham pleaded to God for a son (Genesis 15:2). Has not

## പരിശുദ്ധാത്മാവിൽ നിറയുക; ക്രിസ്തുവിന്റെ സാക്ഷികൾ ആവുക

(Be filled with Holy Spirit, Be Witness for Christ)

ഞാനിപ്പോൾ സാക്ഷ്യപ്പെടുത്തിക്കൊള്ളട്ടെ.

നമുക്കറിയാം, നിത്യജീവന്റെ രഹസ്യങ്ങൾ അറിഞ്ഞ് ജീവിച്ച് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിൽ എടുക്കപ്പെടുവാൻ തക്ക യോഗ്യതയോടെ നല്ല പ്രാർത്ഥനാജീവിതം നയിക്കുകയും മാനസാന്തരവും, വീണ്ടുംജനനവും, രക്ഷയുടെ അനുഭവവും, വിശ്വാസവും, വിശുദ്ധിയും, സ്നേഹവുമൊക്കെ വചനാധിഷ്ഠിതമായി നിലനിർത്തുക എന്നതുമാണ് ഏതൊരു രോഗശാന്തിയേക്കാളും ധനലബ്ധിയേക്കാളും വലുത് എന്ന്.

എന്നിരിക്കിലും ദൈവത്തിന്റെ ഹിതവും വ്യവസ്ഥയുമാണ് എല്ലാത്തരം വിടുതലുകളും പ്രാപിച്ചെടുക്കുവാൻ സഹായിക്കുന്നതെന്ന് നാമൊരിക്കലും മറക്കരുത്. അവന്റെ കയ്യിൽ നിന്നും അവൻ വെച്ചുനീട്ടുന്ന സമ്മാനപ്പൊതികൾ ഏറ്റുവാങ്ങി അവ ആസ്വദിച്ച് ജീവിക്കുന്നതാണ് മറ്റാരെങ്കിലും തരുന്ന എന്തെങ്കിലും വാങ്ങി ഉപയോഗിക്കുന്നതിനേക്കാൾ ആയിരംകോടി ശ്രേഷ്ഠം. വിശുദ്ധവേദപുസ്തകത്തിൽ പഴയനിയമമനുസരിച്ച് മോശ തുടങ്ങിയവരും പുതിയ നിയമമനുസരിച്ച് പത്രോസ് പൗലോസ് മുതലായവരും നിത്യജീവൻ ലഭിക്കുന്നതിനാവശ്യമായ വചനദൂതുകളും അവയോടൊപ്പം ദൈനംദിനജീവിതത്തിനാവശ്യമായ ഭൗതികമോ സാമ്പത്തികമോ ആരോഗ്യദായകമോ ആയ ദൂതുകളും വിജയങ്ങളും,പിശാചു ബാധയിൽ നിന്നുള്ള വിടുതലുകളും കൊടുത്തിട്ടുള്ളതുകൊണ്ട് ആരെങ്കിലും ദൈവകൃപയാൽ ഇന്നും അവയെ അഭിഷേകത്തോതനുസരിച്ച് നൽകാനിടയായാൽ അവയൊക്കെ ദൈവവചനവ്യവസ്ഥയനുസരിച്ച് സത്യാത്മാവിനാൽ നയിക്കപ്പെടുന്നവയാണെന്ന് വിശ്വസിച്ചുറയ്ക്കാം.

ഒരു ക്രിസ്ത്യാനിയുടെ ജീവിതം പിശാചിനെതിരെയും ലോകവ്യവസ്ഥകൾക്കെതിരെയും ഉള്ള ശക്തമായ ഒരു പോരാട്ടജീവിതം തന്നെയാണ്. ആ യുദ്ധക്കളത്തിൽ നമ്മുടെ ജീവിതം വിശുദ്ധിയും വിശ്വാസവും വചനവും ഒന്നിച്ചൊന്നായി അണിയിച്ചൊരുക്കിയതാണെങ്കിൽ, വിജയം നമുക്ക് മാത്രമുള്ളതാണ്.

വചനാധിഷ്ഠിതമായ വിശ്വാസവും വിശുദ്ധിയും അഗാപ്പെയുടെ സ്നേഹവും പ്രാർത്ഥനയാൽ അണിനിരത്തുമ്പോൾ ദൈവത്താൽ:–

1. സംശയവും ഉത്കണ്ഠയും നീങ്ങിപ്പോവുക തന്നെ ചെയ്യും.

2. ഭയവും വ്യാകുലതയും തീർത്തും ഇല്ലാതാകും.

3. ആവശ്യങ്ങളുടേയും അത്യാവശ്യങ്ങളുടേയും മുമ്പിൽ നാം പകയ്ക്കുകയില്ല.

4. നമ്മുടെ ശൂന്യമായ കരങ്ങളെ സമ്പന്നമായ സ്വത്തുക്കൾകൊണ്ട് നിറക്കുക തന്നെ ചെയ്യും.

5. ദൈവീകവാഗ്ദത്തങ്ങൾകൊണ്ട് നമ്മുടെ ആന്തരികജീവൻ നിലനിൽക്കുക തന്നെ ചെയ്യും.

6. സാക്ഷാൽ ക്രിസ്തുവുമായുള്ള നമ്മുടെ താദാത്മ്യത്തെ വർദ്ധിപ്പിക്കും.

7. ത്രീയേകദൈവത്തെ മാത്രമെ നമുക്ക് ആരാധിക്കാൻ കഴിയൂ.

Moses prayed to God for curing the leprosy of Miriam. And God in his grace has given all that.

Now understanding the essence of the below listed gospels of Mathew and Luke, we too prayed asking to give the congregation something to be financial sustained. Mathew 17:21 “if you have faith as small as a mustard seed, you can say to this mountain, ‘Move from here to there,’ and it will move. Nothing will be impossible for you.”

Mathew 21:21 “If you have faith and do not doubt, not only can you do what was done to the fig tree, but also you can say to this mountain, ‘Go, throw yourself into the sea,’ and it will be done. If you believe, you will receive whatever you ask for in prayer.”

Luke 17:6 – “If you have faith as small as a mustard seed, you can say to this mulberry tree, ‘Be uprooted and planted in the sea,’ and it will obey you.

Understanding the inner most meaning of this gospel and the by the grace given by God we prayed in faith. It was a non artificial prayer. It was a prayer based on the grace given by the God, and as based on the certainty of the scripture. It was prayer where only God was glorified. It was a prayer where the name of Jesus Christ was lifted up more than any other name (Philippians 2: 9-10).

There were visions during the prayer time. The vision which was seen and the prophecy which was told is that after being in prayer for 30 days, the people there should plough their own land by three spade feet down and



എന്റെ പേര് മേരിക്കുട്ടി. ഞാൻ ആലപ്പുഴ ജില്ലയിൽ മാവേലിക്കരയ്ക്കടുത്ത് തഴക്കര എന്ന സ്ഥലത്ത് താമസിക്കുന്നു. എന്റെ മകന് 34 വയസ്സുണ്ടായിരുന്നു. വിവാഹവും നടക്കാതെയിരിക്കുകയായിരുന്നു. അങ്ങനെ ഞങ്ങളാകെ വിഷമിച്ചിരിക്കുമ്പോഴാണ് ദേവസ്യാ സാർ 2014-ൽ മാവേലിക്കരക്കടുത്തുള്ള കല്ലുമല YWCA ഹാളിൽ പ്രാർത്ഥനാ ശുശ്രൂഷക്ക് വന്നത്. മകനുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം, എട്ട് മാസങ്ങൾ കഴിഞ്ഞ് ഒരു ബ്രോക്കർപോലും ഇല്ലാതെ കല്യാണം നടക്കുമെന്നും സാർ പറഞ്ഞു. അതുപോലെ തന്നെ കർത്താവിന്റെ അനുഗ്രഹത്താൽ സംഭവിക്കുകയും ചെയ്തു. രണ്ടാമത്തെ മകന്റെ ഭാര്യയ്ക്കാണെങ്കിൽ P.S.C റാങ്ക് ലിസ്റ്റിൽ പേരുണ്ടായിരുന്നിട്ടും ജോലി ലഭിച്ചിരുന്നില്ല. മാത്രമല്ല ചെറിയ കുഞ്ഞുണ്ടായിരുന്നതുകൊണ്ട് വീടിനടുത്തുതന്നെ ജോലി ആഗ്രഹിച്ചിരുന്നു. വീണ്ടും സാർ മകൾക്കുവേണ്ടി പ്രാർത്ഥിച്ചു. വളരെ അത്ഭുതകരമായി എന്റെ കർത്താവിന്റെ കരം അവിടെയും പ്രവർത്തിച്ചു. മാവേലിക്കര മുനിസിപ്പാലിറ്റിയിൽ ജോലി ലഭിക്കുകയും ചെയ്തു. എന്റെ ഭർത്താവിനാണെങ്കിൽ ഷുഗറിന്റെ പ്രശ്നങ്ങളുണ്ടായിരുന്നു. അതും സാറിന്റെ പ്രാർത്ഥനയിലൂടെ ശരിയായി.




8. പരിശുദ്ധാത്മാവിന്റെ നിറവിനെ നാം എന്നും സ്വന്തമാക്കും.

9. സാധാരണമെന്നോ അസാധാരണമെന്നോ കരുതാവുന്ന സകല പാപപ്രവർത്തികളെയും പാപചിന്തകളെയും ബഹുദൂരത്തേക്ക് ഓടിച്ച് പായിക്കുവാൻ കഴിയും.

10. സാത്താന് നാം പേടി സ്വപ്നമായിരിക്കും.

11. മനുഷ്യന്റെ വ്യാജദൂതുകളോ വ്യാജപുരോഹിതരുടെ കപടയാരാധനകളോ ഇല്ലാത്ത ഏതെങ്കിലും സത്യസഭയിൽ ആത്മീയമായി ഉണർവ്വോടെ നിലനിൽക്കുവാൻ കഴിയും.

12. തിരുവെഴുത്തുകൾ ശ്രദ്ധവെച്ച് പഠിക്കുവാനും അവയുടെ ആന്തരികാർത്ഥങ്ങൾ നേരാംവണ്ണം ഗ്രഹിച്ച്, നല്ല ബോധ്യത്തോടെ മറ്റുള്ളവർക്കും പങ്കുവെച്ച് നൽകി, ദൈവരാജ്യത്തെ മാനവഹൃദയങ്ങളിൽ എത്തിക്കുവാനും ഇടവരും.

13. ദുരുപദേശങ്ങളും സാത്താൻ ഉയർത്തുന്ന വെല്ലുവിളികളും വളരെ വേഗം മനസ്സിലാകും.

14. ദുരുപദേശങ്ങളെ സത്യവചനങ്ങൾ ഉപയോഗിച്ച് തകർക്കുവാനും പരിശുദ്ധാത്മാവ് നൽകുന്ന "അഭിഷേകത്താൽ" ദുഷ്ടാത്മസേനകളെ "കെട്ടിവെച്ച്" കാശുപോലും കിട്ടാത്തവിധത്തിലാക്കുവാനും സാധിക്കും.

15. ശൈശവ-ബാല്യ-യൗവ്വന-വാർദ്ധക്യ-അതിവാർദ്ധക്യ പ്രായദശകളിലൊക്കെയും, മരണനിമിഷത്തിലും, ദൈവാനുഭവം ഉണ്ടാകുക തന്നെചെയ്യും.

16. ഉൾപ്രാപണം ഉറപ്പുമാകും.

costly precious stones will be available in quintal. And the same happened. During the digging after the 30 days prayer the congregation got the stones and they sold it and much of the financial problems of that congregation were solved and they grew up much in the words of scripture thus grew up in Lord too. One such person who became rich incident happened to travel to Kuwait and met me in one of the Kuwait convention with a family who was already there.

When I told this testimony that day many found it hard to believe, that moment that gentleman stood up and revealed a few of those e stones which was revealed that day in digging in his hand and stood as a witness and I am testifying this here now. We know, living with the knowledge about the mysteries of the eternal life, living a prayerful life worthy enough to be taken in the second coming of Jesus Christ, repentance, being born again, the experience of salvation, faith, holiness, love, to sustain all this based on the gospel, is much greater than any healing or prosperity.

Even then, let us not forget the fact that it is on the basis of the will of God and his decree that we are able to receive all the redemption and the healing. We are receiving the gifts from his hands which he extends to us,

# പരിശുദ്ധാത്മാവിൽ നിറയുക; ക്രിസ്തുവിന്റെ സാക്ഷികൾ ആവുക

(Be filled with Holy Spirit, Be Witness for Christ)

പതിനായിരകണക്കിന് മഹാപാപികൾ ഞാൻ മുഖാന്തരം മാനസാന്തരപ്പെട്ട്, ക്രിസ്തുവിലായിട്ടുണ്ട്. അവയിലൊന്നുപോലും എന്റെ യോഗ്യതയാലല്ല. ദൈവത്തിന്റെ കൃപയാലാണ്. ദൈവം തന്ന എന്നിലെ അഭിഷേകത്തിനും അതിന്റേതായ പങ്കാളിത്തമുണ്ടായിട്ടുണ്ട്.

പതിനായിരകണക്കിന് ദു:ഖിതർ ഞാൻ മുഖാന്തരം സന്തോഷത്തിലേക്കും സമാധാനത്തിലേക്കും പ്രവേശിച്ചിട്ടുണ്ട്. അവയിലൊന്നും പോലും എന്റെ യോഗ്യതയാലല്ല. എന്നിലെ അഭിഷേകം ഇക്കാര്യത്തിൽ ചെറിയൊരു പാർട്ടഭിനയിച്ചിട്ടുണ്ട്.

പതിനായിരകണക്കിന് മനുഷ്യർക്ക് ദൈവവചനത്തിന്റെ പരംപൊരുൾ ഗ്രഹിക്കുവാൻ ഞാൻ മുഖാന്തരം ഇടവന്നിട്ടുണ്ട്. അതൊന്നും എന്റെ യോഗ്യതയാലല്ല. എന്നിലെ അഭിഷേകം ഇക്കാര്യത്തിൽ ചെറിയൊരു പാർട്ട് എടുത്തിട്ടുണ്ട്.

പതിനായിരകണക്കിന് പാവങ്ങൾക്ക് ഞാൻ മുഖാന്തരം പട്ടിണിക്ക് കുറച്ചൊക്കെ പരിഹാരം ഉണ്ടായിട്ടുണ്ട്. അതൊക്കെ ദൈവകൃപയാലും ദൈവം തന്ന അഭിഷേകത്താലും ആണ്.

പതിനായിരക്കണക്കിന് ആളുകൾക്ക് ഞാൻ മുഖാന്തരം രോഗശാന്തിയൊ പിശാചിൽനിന്ന് വിമോചനമോ ലഭിച്ചിട്ടുണ്ട്. അതിനൊക്കെ കാരണം ദൈവത്തിന്റെ കൃപയും അവൻ തന്ന അഭിഷേകവുമാണ്.

പതിനായിരക്കണക്കിന് നിരക്ഷരകുക്ഷികളായ ഗ്രാമീണവാസികൾ അക്ഷരാഭ്യാസത്തിലേക്കും, വിദ്യാർത്ഥികൾ അറിവിന്റെ നിറവിലേക്കും ഉയർന്നിട്ടുണ്ട്. അതിനും ദൈവം തന്നെ കാരണക്കാരൻ.

ലക്ഷോപലക്ഷം ജനം നിത്യതയിൽ പ്രവേശിക്കുവാൻ സാധ്യതയുണ്ടാകുമാറ് പരിശുദ്ധാത്മാവിനെ സ്വീകരിക്കത്തക്കവണ്ണം ഏതെങ്കിലും തരത്തിൽ ലാഭേച്ഛകൾകൂടാതെ, അവർക്ക് സുവിശേഷത്തിലൂടെ രക്ഷകനായ ക്രിസ്തുവിനെ പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി ചർച്ച് ഓഫ് ഇറ്റേണിറ്റി എന്നൊരു സഭ ദൈവം, ഞാനുൾപ്പെടെയുള്ള സമൂഹത്തിന് തന്നു. ആ സഭയിൽ നിത്യതയെ പ്രാപിക്കുവാൻ ആവശ്യമായ ശുശ്രൂഷകൾ ചെയ്യുന്ന നൂറോളം പാസ്റ്റർമാരോ, പാസ്റ്റർമാരോടൊപ്പം ശുശ്രൂഷകൾക്ക് നേതൃത്വംകൊടുക്കുന്ന ഇവാഞ്ചലിസ്റ്റുകളോ, ഇന്നുണ്ട്. ഇന്ത്യക്കുവെളിയിൽ, കുവൈറ്റ് ഉൾപ്പെടെയുള്ള മിക്ക ഗൾഫ് രാജ്യങ്ങളിലും അത്തരം ശുശ്രൂഷകരും കൂട്ടായ്മകളും ഉണ്ട്. അമേരിക്കയിലും, ഓസ്ട്രേലിയായിലും, കാനഡയിലും നട്ടുപിടിപ്പിച്ച കൂട്ടായ്മകൾ നല്ല സമർപ്പണവും അഭിഷേകവുമുള്ള ശുശ്രൂഷകരുടെ അഭാവത്തിൽ വേണ്ടത്ര വേരുപിടിക്കുവാൻ തുടങ്ങുന്നതേയുള്ളു. ചെന്നൈയിലും പനവേലിലും (മഹാരാഷ്ട്ര) സഭാതരുക്കൾ തഴച്ചുവളരുവാൻ തുടങ്ങിയിട്ടുണ്ട്. ഡൽഹിയിലാകട്ടെ തഴച്ചുവളരുകയും പടർന്നു പന്തലിക്കുവാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ മിക്ക ജില്ലകളിലേക്കും പട്ടണങ്ങളി

relishing that and enjoying our life, it is thousand times better than receiving anything else somebody is giving.

4) In the Holy Bible according to Old Testament, those beginning from Moses, and as per the New Testament from Peter and then others, have given enough scripture messages as to get eternal life and along with that what is needed for daily life be it worldly, be it financial, be it related to health all the messages concerned these, victories deliverances from the devil are given, still if it is given today by the God's grace as per the anointment then we can be assuredly believe as per God's words decree it is being led by the true spirit.

A Christian's life is a strong struggle against Satan, and the conditions of the world. In that war field our life and our holiness faith and the words of Gospel are united together and readied then the victory is ours alone.

